ഹൗസ് ബോട്ടുകളിൽ നിന്നുള്ള മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് നടപടി

115 (1871) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൗസ് ബോട്ടുകളിൽ നിന്നുള്ള മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കിയ റിപ്പോർട്ട് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് എത്ര തുക ഏതുവർഷം അനുവദിച്ചതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിക്ക് സ്ഥലം അക്വയർ ചെയ്യുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഹൗസ് ബോട്ടിൽ നിന്നുള്ള മാലിന്യങ്ങൾ സംസ്കരിക്കുന്നതിന് കുമരകത്ത് ഒരു ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. ഡി.റ്റി.പി.സി.-യുടെ ആഭിമുഖ്യത്തിലാണ് പ്ലാന്റ് പ്രവർത്തിച്ച് വരുന്നത്. കൂടാതെ ആലപ്പുഴയിൽ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് ഹൗസ് ബോട്ട് ഓണേഴ്സ് അസോസിയേഷൻ സ്ഥലം വാങ്ങുകയും അസോസിയേഷനുമായി സഹകരിച്ച് പ്ലാന്റ് സ്ഥാപിക്കുന്നതിനുള്ള നടപടി നടന്നു വരികയുമാണ്.

(ബി) കുമരകത്ത് പ്ലാന്റ് സ്ഥാപിക്കുന്നതിന് 38.50,000 രൂപയും ആലപ്പുഴയിൽ 39 ലക്ഷം രൂപയും 2006-ൽ അനുവദിച്ചു.

(സി) ആലപ്പുഴയിൽ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിന് സ്ഥലം ഹൗസ്ബോട്ട് ഓപ്പറേറ്റേഴ്സ് അസോസിയേഷൻ വാങ്ങിയിട്ടുണ്ട്. സ്ഥലം അക്വയർ ചെയ്യേണ്ടതില്ല.

കേന്ദ്ര സർക്കാർ കുട്ടനാട് പാക്കേജിൽ വിനോദസഞ്ചാരത്തിനായി അനുവദിച്ച പദ്ധതികൾ

116 (1872) ശ്രീ. കെ. എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സർക്കാർ അനുവദിച്ച കുട്ടനാട് പാക്കേജിൽ വിനോദ സഞ്ചാരത്തിനായി ഏതെല്ലാം പദ്ധതികൾ നടപ്പാക്കുന്നതിനായി ശിപാർശ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ ഏതെല്ലാം പദ്ധതികൾ ആരംഭിച്ചു ;

LIBRARY ARCHIVES Kerala Legislative Assembly